**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അഴീക്കോട് അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.എം.ഷാജി എം.എൽ.എ. യുടെ ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ·1647/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19.05.2017

---

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി.)332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) പൊതുമരാമത്തു വകുപ്പ് (നിരത്തുകളും & പാലങ്ങളും) ചീഫ് എഞ്ചിനീയറുടെ 30.03.2017 തീയതിയിലെ CE/R&B/KNR/LAC-Ads/2017/1730/PRICE നമ്പർ കത്ത്.

**ഉത്തരവ്**

അഴീക്കോട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.എം.ഷാജി എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ "കക്കാട് മമ്മു ഹാജി റോഡ്", "പൊടിക്കുണ്ട് മിൽമ റോഡ് നവീകരണം" എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം പൊതുമരാമത്തു വകുപ്പ് (നിരത്തുകളും & പാലങ്ങളും) ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

2. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അഴീക്കോട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.എം.ഷാജി എം.എൽ.എ.യുടെ 2016-2017 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന 2 പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 50 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും, വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി ഭരണാനുമതി നൽകിയും ഉത്തരവാകുന്നു.

(i) പ്രോജക്ട് ഐ.ഡി. 1893 പുഴാതി മേഖല ഡിവിഷൻ 10 കക്കാട് മമ്മു ഹാജി റോഡ് (രൂപ 25 ലക്ഷം).

(ii) പ്രോജക്ട് ഐ.ഡി 1895 പള്ളിക്കുന്ന് പഞ്ചായത്ത് പൊടിക്കുണ്ട് മിൽമ റോഡ് നവീകരണം (രൂപ 25 ലക്ഷം)

3. ലംപ്സം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകകളുടെ ചെലവ് യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിരിക്കണം. ആയതു സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം,<br>
റ്റി.പി.വിജയകുമാർ,<br>
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ.കെ.എം.ഷാജി എം.എൽ.എ., അഴീക്കോട് നിയോജകമണ്ഡലം.<br>
ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), തിരുവനന്തപുരം.<br>
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.<br>
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.<br>
സെക്രട്ടറി, പള്ളിക്കുന്ന് പഞ്ചായത്ത്.<br>
ധനകാര്യ വകുപ്പ് (740/എൻ.സി.സി.3/2016/ധന)<br>
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)<br>
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.<br>
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,<br>
സെക്ഷൻ ഓഫീസർ.